ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ : secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 12673/കെ.എൽ.(എ.സി)എ 1/2023/നി.സെ (വാല്യം 2)

തിരുവനന്തപുരം,
06.10.2023

## ക്വട്ടേഷൻ നോട്ടീസ്

കേരള നിയമസഭയുടെ രണ്ടാമത് അന്താരാഷ്ട്ര പുസ്തകോത്സവുമായി ബന്ധപ്പെട്ടുള്ള ഗതാഗതാവശ്യങ്ങൾക്കായി 2023 ഒക്ടോബർ 31 മുതൽ നവംബർ 7 വരെ അഞ്ച് വാഹനങ്ങൾ (Innova Crysta) ഡ്രൈവർ, ഇന്ധനം എന്നിവ സഹിതം ആവശ്യമുണ്ട്. ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വാടക വ്യവസ്ഥയിൽ വാഹനങ്ങൾ നൽകാൻ ആഗ്രഹിക്കുന്ന വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവരിൽനിന്നും വാഹനങ്ങളുടെ വാടകനിരക്ക് സംബന്ധിച്ചുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു . ക്വട്ടേഷനുകൾ "കേരള നിയമസഭ-അന്താരാഷ്ട്ര പുസ്തകോത്സവം 2023-വാഹന വാടകനിരക്ക് സംബന്ധിച്ച ക്വട്ടേഷൻ " എന്ന മേലെഴുത്തോടുകൂടി 2023 ഒക്ടോബർ 20-ാം തീയതി വൈകുന്നേരം 4 മണിക്ക് മുമ്പായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന മേൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് . ലഭ്യമാകുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 5 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ് . നിർദ്ദിഷ്ട തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല .

വിശദവിവരങ്ങൾ അണ്ടർ സെക്രട്ടറി I, നിയമസഭാ ഹോസ്റ്റൽ (ഫോൺ. 9446175643) പക്കൽനിന്നും ശേഖരിക്കാവുന്നതാണ്.

സുനിൽകുമാർ എസ്.
എസ്റ്റേറ്റ് ഓഫീസർ & ജോയിന്റ് സെക്രട്ടറി,
നിയമസഭാ ഹോസ്റ്റൽ.

വിവരസാങ്കേതിക വിദ്യാ വിഭാഗം

നോട്ടീസ് ബോർഡ്

Fcp06d/AMS/03.102023..

## നിബന്ധനകൾ

1. വാഹനങ്ങൾ മികച്ച പ്രവർത്തനക്ഷമതയുള്ളവയായിരിക്കണം.
2. വാഹനങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാവുന്നതാണ്.
3. കരാർ കാലയളവിൽ ആവശ്യപ്പെടുന്ന സമയക്രമത്തിൽ വാഹനങ്ങൾ ലഭ്യമാക്കേണ്ടതും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.
4. നിയമസഭാ സെക്രട്ടേറിയറ്റിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം വാഹനവുമായി ഡ്രൈവർമാർ ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഡ്യൂട്ടി നിർവ്വഹിക്കേണ്ടതുമാണ്.
5. വാഹനങ്ങൾ വൃത്തിയോടും ശുചിത്വത്തോടും പരിപാലിക്കേണ്ടതാണ്.
6. വാഹനങ്ങൾക്ക് സാങ്കേതിക തകരാർ ഉണ്ടാകുകയോ പ്രവർത്തനരഹിതമാകുകയോ ചെയ്യുന്നപക്ഷം അടിയന്തരമായി പകരം വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
7. വാഹനവുമായി ബന്ധപ്പെട്ട നിയമാനുസൃത രേഖകൾ എല്ലാം വാഹനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.
8. ക്വട്ടേഷൻ അംഗീകരിക്കുന്നപക്ഷം വാഹനദാതാവും നിയമസഭാ സെക്രട്ടേറിയറ്റും തമ്മിൽ കരാർ വയ്ക്കേണ്ടതാണ്.
9. ആവശ്യമെന്ന് തോന്നുന്നപക്ഷം കരാർ സംബന്ധിച്ച ഏതു നിബന്ധനയിലും ഇളവ്/ഭേദഗതി വരുത്തുവാൻ നിയമസഭാ സെക്രട്ടേറിയറ്റിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. പ്രത്യേക കാരണങ്ങൾ കൂടാതെ തന്നെ ഏതൊരു ക്വട്ടേഷനും സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിന് ഉണ്ടായിരിക്കുന്നതാണ്.